

# വർഗീയ രാഷ്ട്രീയം
# മിത്തും യാഥാർഥ്യവും

(ഭാഗം രണ്ട്)

# വർഗീയ രാഷ്ട്രീയം മിത്തും യാഥാർഥ്യവും

(ഭാഗം രണ്ട്)

രാം പുനിയാനി

•

വിവർത്തനം

ടി.വി. വേലായുധൻ

പ്രസാധനം

പ്രതീക്ഷ ബുക്സ്

കോഴിക്കോട്

വിതരണം

ഐ.പി.എച്ച്

കോഴിക്കോട്

•

VARGEEYA RASHTREEYAM MYTHUM YADHARTHYAVUM (Part-II) *(Malayalam)*

(Politics)

By RAM PUNIYANI

**Original :** COMMUNAL POLITICS FACTS VERSUS MYTHS

*Translator* T.V. VELAYUDHAN

Publishers:

**PRATHEEKSHA BOOKS**

IST Building, P.O. Merikkunnu, Kozhikode- 673 012, Kerala State, India

E-mail :pratheekshabooks@gmail.com

First Edition : April 2011

Typesetting : IPH D.T.P

Cover : Nasar Eramangalam

Printers: Printarts Offset, Feroke

Rights with the Publishers

VMY 1 Sub 80, SN 600/2000

**Price ` : 100.00**

**Distribution**

•

I.P.H. Fourland Building, Rajaji Road, Kozhikode -673 004, E-mail : iphcalicut@gmail.com

I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034

I.P.H, Madeena Masjid Complex, Padma Jn. Pullepady, Eranakulam - 682 035

I.P.H, I.P.H. Tower, P.O. Road, Thrissur -680 001

I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -670 001

I.P.H, Masjid Building, Kunnummal, Malappuram -676 505

I.P.H, M.P. Road, Kozhikode - 673 001

# പ്രസാധകക്കുറിപ്പ്

•

**പ്ര**മുഖ ആക്റ്റിവിസ്റ്റും എഴുത്തുകാരനുമായ രാം പുനിയാനിയുടെ **Communal Politics Facts Versus Myths** എന്ന ഗ്രന്ഥത്തിന്റെ മലയാള മൊഴിമാറ്റം രണ്ടാം ഭാഗമാണ് നിങ്ങളുടെ കൈയിൽ. ഇന്ത്യയെക്കുറിച്ചും ഹൈന്ദവതയെക്കുറിച്ചും വ്യാജമായി നിർമിച്ചെടുത്ത ഒരുകൂട്ടം മിത്തുകളാണ് ഹിന്ദുത്വ ദർശനത്തിന്റെ അസ്ഥിവാരം. ഇത്തരം 'നിർമിത സത്യങ്ങളെ' വസ്തുനിഷ്ഠ വിശകലനത്തിന് വിധേയമാക്കുന്നതിലൂടെ രാംപുനിയാനി തകർത്തുകളയുന്നത് ഹൈന്ദവത സൃഷ്ടിച്ചെടുത്ത സമാന്തര ചരിത്രത്തെ തന്നെയാണ്.

ഒറ്റ വാല്യത്തിൽ പ്രസിദ്ധീകൃതമായിരുന്ന മൂലകൃതിയുടെ ആദ്യ അഞ്ച് അധ്യായങ്ങളാണ് വിവർത്തനത്തിന്റെ ഒന്നാം ഭാഗത്തിൽ ഞങ്ങൾ ഉൾപ്പെടുത്തിയത്. ഇന്ത്യയുടെ പ്രാചീനകാലം മുതൽ സ്വാതന്ത്ര്യവും വിഭജനവും വരെയുള്ള ചരിത്ര പശ്ചാത്തലമാണ് അതിൽ വിശകലനം ചെയ്യപ്പെട്ടത്. സ്വാതന്ത്ര്യാനന്തരം ഗുജറാത്ത് വംശഹത്യ വരെയുള്ള സംഭവങ്ങളാണ് ഈ രണ്ടാം ഭാഗത്തിന്റെ ഉള്ളടക്കം. 2003 ലാണ് മൂലകൃതി പ്രസിദ്ധീകരിക്കപ്പെടുന്നത്. ഗുജറാത്താനന്തരമുള്ള നാളുകൾ ഇതിൽ വിശകലന വിധേയമായിട്ടില്ല. 'പ്രതീക്ഷ' തന്നെ പുറത്തിറക്കിയ *ഇന്ത്യയിലെ ഭീകരാക്രമണങ്ങളും ഉത്തരം കിട്ടാത്ത ചോദ്യങ്ങളും*,

*ഭീകരതയെ കഫിയ്യ പുതപ്പിക്കുന്നതാര്, അപരവത്കരണത്തിന്റെ മതവും ജാതിയും* തുടങ്ങിയ കൃതികൾ സമകാലിക ഇന്ത്യയെ മനസ്സിലാക്കുന്നതിന് വായനക്കാർക്ക് സഹായകമാകും.

കേരളത്തിന്റെ വർഗീയ വിരുദ്ധമനസ്സ് ഈ ഗ്രന്ഥത്തെ ഒരു കൈപുസ്തകമായി സ്വീകരിക്കുമെന്ന പ്രത്യാശയിലാണ് ഒന്നാം വാള്യം ഞങ്ങൾ സമർപ്പിച്ചത്. ഈ പ്രത്യാശ അസ്ഥാനത്തായിരുന്നില്ല എന്നതിന് ഞങ്ങൾക്ക് ലഭിച്ച പ്രതികരണങ്ങൾ തന്നെ തെളിവ്. അഭിനന്ദിച്ചും പ്രശംസിച്ചും ഒട്ടനവധി പേർ ഞങ്ങളോട് ഐക്യദാർഢ്യം രേഖപ്പെടുത്തി. അതുപോലെ വിയോജിച്ചവരും കലഹിച്ചവരും കുറവല്ല. ചിലരെങ്കിലും അതിരൂക്ഷമായിത്തന്നെ വിമർശിച്ചു. എല്ലാം ഞങ്ങൾ മുഖവിലക്കെടുക്കുന്നു. നന്ദി പ്രകാശിപ്പിക്കുന്നു. കൂട്ടത്തിൽ ഒരു കാര്യംകൂടി. ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഏതൊരു പുസ്തകത്തെയും പോലെ ഈ കൃതിയിലെ വിശകലനങ്ങളും തീർപ്പുകളും ഗ്രന്ഥകാരന്റേത് മാത്രമാണ്. പ്രസാധകരുടെ കാഴ്ചപ്പാടുകളും വിവർത്തകരുടെയും എഡിറ്റർമാരുടെയും അഭിപ്രായങ്ങളും പുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ഇടപെടാനുള്ള ന്യായമല്ല എന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ പുസ്തകത്തിന് ലഭിച്ച അംഗീകാരവും വിയോജിപ്പുകളും ഞങ്ങൾ ഗ്രന്ഥകർത്താവിന് കൈമാറുന്നു. ഉള്ളടക്കത്തിലെ ആശയങ്ങളോട് യോജിക്കുവാനോ വിയോജിക്കുവാനോ ഉള്ള പ്രസാധകരുടെ സ്വാതന്ത്ര്യം ഞങ്ങൾ ബാക്കി നിർത്തുകയും ചെയ്യുന്നു.

വർഗീയതക്കും ഫാഷിസത്തിനുമെതിരായ പോരാട്ടം 'പ്രതീക്ഷ' യുടെ പ്രഖ്യാപിത അജണ്ടയാണ്. ഈ പരമ്പരയിൽ ഉൾക്കനമുള്ള ഒട്ടനവധി ഗ്രന്ഥങ്ങൾ ഇനിയും ഞങ്ങളിൽനിന്ന് വായനക്കാർക്ക് പ്രതീക്ഷിക്കാമെന്ന് ഉറപ്പുനൽകുന്നു.

# അകം

**അധ്യായം: 6**
ബാബരി മസ്ജിദ്
രാമ ജന്മഭൂമി വിവാദം ..... 13
**അധ്യായം: 7**
ന്യൂനപക്ഷ സമീപനം:
പ്രീണനമോ അവഹേളനമോ? ..... 35
**അധ്യായം: 8**
വർഗീയ കലാപങ്ങൾ:
കുറ്റവും ശിക്ഷയും ..... 45
**അധ്യായം: 9**
മതപരിവർത്തനവും ക്രൈസ്തവർക്ക്
നേരെയുള്ള അക്രമങ്ങളും ..... 67
**അധ്യായം: 10**
രാമരാജ്യം: മതാധിഷ്ഠിത ദേശീയവാദമോ
അതോ മതേതര ജനാധിപത്യമോ? ..... 85
**അധ്യായം: 11**
ഹിന്ദുത്വം: ഭ്രാന്തമായ വിശ്വാസമോ
അതോ രാഷ്ട്രീയ ഉപകരണമോ? ..... 110
**അധ്യായം: 12**
ഭരണഘടന മാറ്റി എഴുതുമ്പോൾ ..... 137
**അധ്യായം: 13**
ഭീകരതയുടെ ഉൽപത്തിയും ഇസ്‌ലാമും ..... 153
**അധ്യായം: 14**
കൂട്ടക്കൊലയുടെ ഗുജറാത്ത് പരീക്ഷണം ..... 177
**ഉപസംഹാരം**
മതനിരപേക്ഷ ജനാധിപത്യത്തിനായുള്ള പോരാട്ടം ..... 200

## രാം പുനിയാനി

മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രൊഫസർ. അറിയപ്പെടുന്ന സാമ്രാജ്യത്വ-ഫാഷിസ വിരുദ്ധ പ്രവർത്തകൻ. സാമുദായിക മൈത്രി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന 'ഏകത' (EKTA)യുടെ സജീവാംഗമാണ്. ഗ്രന്ഥങ്ങൾ: *Religion, Power And Violence: Expression Of Politics In Contemporary Times, Communal Politics: Facts versus Myths, Contour Of Hindu Rashtra: Hindutva, Sangh Parivar And Contemporary Politics, Contemporary India: Overcoming Sectarianism and Terrorism, Hindu Extreme Right-wing Groups: Ideology and Consequences, Indian Democracy, Pluralism and Minorities.*

## ടി.വി. വേലായുധൻ

പത്രപ്രവർത്തകൻ, എഴുത്തുകാരൻ. കോഴിക്കോട് ജില്ലയിലെ നടക്കാവ് സ്വദേശി. ദൽഹി ഇന്റർനാഷണൽ മാസ് കമ്യൂണിക്കേഷനിൽനിന്ന് ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം. കേരള സർക്കാർ പബ്ലിക് റിലേഷൻ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. *കേരള കൗമുദി, വീക്ഷണം, വർത്തമാനം* തുടങ്ങിയ പത്രങ്ങളിൽ ജോലി ചെയ്തു. ഇപ്പോൾ A.W.H സ്ഥാപനങ്ങളുടെ പബ്ലിക് റിലേഷൻ ഓഫീസറാണ്. ഭാര്യ: വിജയവല്ലി. മകൾ: അപർണ. വിലാസം: സാരംഗ്, ബി.ജി. റോഡ്, നടക്കാവ്, കോഴിക്കോട്.


**അധ്യായം 6**

# ബാബരി മസ്ജിദ് രാമ ജന്മഭൂമി വിവാദം

•

**പ**ട്ടിണി, ദാരിദ്ര്യം, നാനാവിധ രോഗങ്ങൾ എന്നിങ്ങനെ രാജ്യം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാകുന്നു. ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിന് ഇന്നും അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. കിടപ്പാടമില്ലാത്തതിനാൽ ആകാശം മേൽക്കൂരയായി തെരുവോരങ്ങളിൽ കഴിയേണ്ടിവരുന്ന ലക്ഷക്കണക്കിന് ജനങ്ങളുണ്ട്. വൻ നഗരങ്ങളിൽ ജനസംഖ്യയുടെ ഏതാണ്ട് പകുതിയും – 40 മുതൽ 60 ശതമാനം വരെ – ഇത്തരക്കാരാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ രാജ്യത്ത് വിചിത്രമായൊരു പ്രതിഭാസമാണ് കഴിഞ്ഞ രണ്ടിലേറെ ദശകങ്ങളായി അരങ്ങേറുന്നത്. ജനങ്ങളുടെ, സമൂഹത്തിന്റെ, ഇവ്വിധ അടിസ്ഥാന പ്രശ്നങ്ങളെ കുറിച്ച് ഗൗരവപൂർവമായ ചർച്ച നടത്തുകയോ അവക്ക് പരിഹാരം കാണുന്നതിനു വേണ്ടി പരിശ്രമിക്കുകയോ ചെയ്യുന്നതിന് പകരം സാമാന്യ ജനങ്ങൾക്ക് അശേഷം താൽപര്യമില്ലാത്തതും അവരുടെ ജീവിതത്തെ ഒരു വിധത്തിലും ബാധിക്കാത്തതുമായ ഒരു വിവാദം ഏറ്റെടുത്തിരിക്കുകയാണ് രാജ്യത്തെ രാഷ്ട്രീയ നേതൃത്വം. അയോധ്യയിലെ ഒരു മന്ദിരം ശ്രീരാമന്റെ ജന്മഗൃഹമാണോ, അതല്ല മുസ്‌ലിംകളുടെ ആരാധനാലയമാണോ? ഇതു സംബന്ധിച്ച് ചൂടുപിടിച്ച തർക്കത്തിലേർപ്പെട്ടിരിക്കുകയാണവർ.

വിവാദ മന്ദിരം 1992 ഡിസംബർ ആറിന് പാടേ തകർക്കപ്പെട്ടു. ഇക്കാല